# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 25

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദ ഏകജാലകം; ഒന്നാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു.

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തുന്ന ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഒന്നാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് പ്രവേശനം ഓൺലൈനായി ഉറപ്പിക്കേണ്ടതും സ്ഥിരപ്രവേശം നേടുന്നവർ അതത് കോളേജുമായി ബന്ധപ്പെട്ട് സെപ്തംബർ ഒന്നിന് വൈകീട്ട് നാലിനകം കോളേജധികൃതർ നിർദ്ദേശിക്കുന്ന സമയത്ത് നിശ്ചിത കോളേജ് ഫീസ് അടച്ച് പ്രവേശനം സ്ഥിരപ്പെടുത്തേണ്ടതുമാണ്. നിശ്ചിതഫീസ് അടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം അലോട്മെന്റ് കൺഫേം ചെയ്യാത്തവരുടേയും അലോട്മെന്റ് റദ്ദാകും. കോളേജുകൾ പ്രവേശനം സ്ഥിരപ്പെടുത്തിയതിന്റെ തെളിവായ കൺഫർമേഷൻ സ്ലിപ് എല്ലാവരും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. കൺഫർമേഷൻ സ്ലിപ് കൈവശമില്ലാത്തവരുടെ പ്രവേശനം സംബന്ധിച്ച പരാതികൾ സർവകലാശാല സ്വീകരിക്കില്ല. സെപ്തംബർ രണ്ട് മുതൽ മൂന്നുവരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനും അവസരമുണ്ടായിരിക്കും.

(പി.ആർ.ഒ/39/812/2021)

## പുനർമൂല്യനിർണയം; അപേക്ഷ 31 വരെ

ഈ മാസം 10ന് പ്രസിദ്ധീകരിച്ച 2019 അഡ്മിഷൻ എം.ബി.എ. ഒന്നാം സെമസ്റ്റർ പരീക്ഷയുടെ പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ ഓഗസ്റ്റ് 31 വരെ സ്വീകരിക്കും. ഇനിയും അപേക്ഷിക്കാനുള്ളവർ ഓഫ്‌ലൈനായി നേരിട്ട് അപേക്ഷ നൽകണം. ഇതിനകം ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ബാലൻസ് ഫീസ് പേപ്പർ ഒന്നിന് 420 രൂപ വീതം സർവകലാശാല ഇ-പേയ്മെന്റ് പോർട്ടലിൽ മിസലേനിയസ് ഓപ്ഷൻ ക്ലിക്ക് ചെയ്ത് ബാലൻസ് ഫീ ഓപ്ഷൻ വഴി അടയ്ക്കണം. ഇ-പെയ്മെന്റ് രസീത് ej8@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. ഇവർ വീണ്ടും അപേക്ഷ നൽകേണ്ടതില്ല.

(പി.ആർ.ഒ/39/813/2021)

## പി എച് ഡി പരീക്ഷ: അപേക്ഷാ തിയതി

മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ 2020ൽ കോഴ്സ് വർക് പൂർത്തിയാക്കിയ ഗവേഷക വിദ്യാർഥികൾക്കും/ 2019 പി എച്ച്.ഡി. അഡ്മിഷൻ നേടുകയും കോഴ്സ് വർക്ക് രണ്ട് സ്പെല്ലും പൂർത്തിയാക്കുകയും ചെയ്ത ഗവേഷക വിദ്യാർഥികൾക്കും അവരുടെ പരീക്ഷക്കുള്ള അപേക്ഷയും ഫീസും പിഴയില്ലാതെ സെപ്തംബർ ഒന്നുവരെയും 525 രൂപ പിഴയോടെ സെപ്തംബർ മൂന്നുവരെയും 1025 രൂപ പിഴയോടെ സെപ്തംബർ ആറുവരെയും ഓൺലൈനായി സമർപ്പിക്കാം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ആവശ്യമായ രേഖകൾ സഹിതം സെപ്തംബർ ഒൻപതിന് വൈകീട്ട് അഞ്ചിനകം സർവകലാശാലയിൽ ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും www.mgu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/814/2021)

## വോട്ടർ പട്ടിക

(പി.ആർ.ഒ/39/815/2021)

## അലുമ്നി മീറ്റ് 27 ന്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് അലുമ്നി മീറ്റ് ആഗസ്റ്റ് 27 ന് വൈകുന്നേരം അഞ്ചുമണിക്ക് നടക്കും. ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ ഓൺലൈനായാണ് പരിപാടി സംഘടിപ്പിക്കുക. സ്ഥാപനം ആരംഭിച്ച ശേഷം കഴിഞ്ഞ 37 വർഷങ്ങളിലായി വിവിധ കോഴ്സുകളിൽ പഠിച്ച പൂർവ്വ വിദ്യാർത്ഥികൾക്ക് പരസ്പരം ആശയ വിനിമയം നടത്തുവാനും ഓർമ്മകൾ പങ്കുവെക്കുവാനുമുള്ള വേദിയായിട്ടാണ് ഈ മീറ്റ് സംഘടിപ്പിച്ചിട്ടുള്ളത്. സ്ഥാപനത്തിൻറെ സമഗ്രമായ വികസനത്തിന് കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നതിനുള്ള വിവിധ വഴികൾ ചർച്ച ചെയ്യുന്നതിനുള്ള വേദി കൂടിയായിരിക്കും ഈ ഒത്തുചേരൽ . മീറ്റിൽ പങ്കെടുക്കുന്നതിന് പൂർവ്വ വിദ്യാർത്ഥികൾക്ക് കോർഡിനേറ്റർ എം.വി.ബിജുലാലിനെ 9447233357 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം

(പി.ആർ.ഒ/39/816/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ